സോഷ്യൽ മീഡിയായിലൂടെ പരിചയപ്പെട്ട് ഇരുപത് ലക്ഷം രൂപ തട്ടിയെടുത്ത മിസോറാം സ്വദേശിനി ലാൽച്ചാൻതാങ്ങി (47) യെ ആലുവ സൈബർ പോലീസ് സ്റ്റേഷൻ ടീം അറസ്റ്റ് ചെയ്തു. ജോർദ്ദാനിൽ ജോലി ചെയ്യുന്ന അങ്കമാലി സ്വദേശിയായ യുവാവിനാണ് പണം നഷ്ടപ്പെട്ടത്. ഫെയ്സ്ബുക്ക് വഴിയാണ് ഇവർ പരിചയപ്പെടുന്നത്. യു.കെ വംശജയാണെന്നും, സ്വർണ്ണത്തിന്റെ ബിസിനസാണെന്നുമാണ് ഇവർ പറഞ്ഞത്.